# ഇ-ലോകത്തെ വാസ്തവങ്ങൾ ഇങ്ങനെയൊക്കെകൂടിയാണ്

**വി.കെ ആദർശ്**

സാങ്കേതികവിദ്യയും അതിനെ പിൻപറ്റി ഉണ്ടായ ഇന്റർനെറ്റും സർഗാത്മക ഇടങ്ങളെ നശിപ്പിച്ചില്ലാതാക്കും എന്ന് ആകുലപ്പെട്ടിരുന്ന ചെറു ന്യൂനപക്ഷം ഇന്നും ഉണ്ട് എന്ന് പറയുന്നത് അതിശയോക്തി ആകില്ല എന്ന് കരുതട്ടെ., അതിൽ വാസ്തവമൊട്ടുമില്ലെങ്കിലും. ഇന്റർനെറ്റ് വർത്തമാനത്തിലേക്ക് കടക്കും മുന്നെ മറ്റൊരു സമാനമായ കാര്യം സൂചിപ്പിച്ച് കൊണ്ട് തുടങ്ങാം. ഭാഷയുടെ തനിമ സംരക്ഷിക്കുന്നതിൽ ഗ്രന്ഥശാലാ പ്രസ്ഥാനത്തിനുള്ള പങ്ക് തർക്കമില്ലാത്തതാണ്. നമുക്കിടയിൽ നല്ലൊരു വായനാ സംസ്കാരം ഉണ്ടാക്കാനും, സംവാദത്തിനുള്ള പൊതു മിനിമം ഇടം സൃഷ്ടിച്ചെടുക്കാനും മാത്രമല്ല അതിലുപരിയായ പല ധർമങ്ങളും ഗ്രന്ഥശാലകൾ നിർവഹിച്ചു പോരുന്നു. സാക്ഷരത പോലുള്ള അനൌപചാരിക പഠന സൌകര്യങ്ങൾക്ക് ഇടമൊരുക്കിയ ഗ്രന്ഥശാലകൾ നമുക്ക് ഒരുമിക്കാനുള്ള മതനിരപേക്ഷമായ പൊതു ഇടമായിരുന്നു, അതിന്റെ ഗുണങ്ങൾ കേരളത്തിന്റെ പൊതു ഇടം ഇന്നും അനുഭവിക്കുന്നു. ഏതാണ്ട് ഗ്രന്ഥശാലകൾ മുന്നോട്ട് വച്ച അതേ ധർമമാണ് ഇന്ന് ഇന്റർനെറ്റിലെ പല സംഘങ്ങളും വളരെ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ട് പോകുന്നത്. എന്നാൽ ഭാഷയ്ക്കും സംസ്കാരത്തിനും വേണ്ടി നടക്കുന്ന ഇ-പ്രവർത്തനങ്ങൾക്ക് അനുപയോഗിക്കാത്ത അല്ലെങ്കിൽ ഇന്റർനെറ്റ് ഉൗരസിലേക്ക് പരിചയം ഇല്ലാത്തവർക്കിടയിൽ കൃത്യമായ അവബോധം ഉണ്ടോ? അവർക്കിടയിൽ സൈബർ ഇടപാടുകളോട് പൊരുത്തമില്ലാത്തവർ ഏറെയാണ്.

അച്ചടി നിലവിൽ വന്ന സമയത്ത് നമ്മുടെ മലയാളത്തിൽ അടക്കം ശക്തമായ എതിർപ്പുണ്ടായിരുന്നു എന്ന് പറഞ്ഞ് കേട്ടിട്ടുണ്ട്. അതായത് ഇന്ന് അച്ചടിയിൽ നിന്ന് ഇന്റർനെറ്റ് കാലത്തേക്ക് അല്ലെങ്കിൽ ഇ-ബുക്കിലേക്ക് കടക്കുമ്പോൾ ചിലരെങ്കിലും ഉയർത്തുന്നത് അങ്ങനെ ഒരു എതിർപ്പല്ലേ എന്ന സംശയം ഇല്ലാതില്ല.

അന്നത്തെ അച്ചടി പുസ്തകത്തോടുള്ള എതിർപ്പ് കലശലയാപ്പോൾ മഹാകവി ഉള്ളൂർ ഇങ്ങനെ എഴുതി

"വെളുത്ത കടലാസോടു
കറുത്ത മഷി ചേരവേ
പാരിടത്തിന് വന്നല്ലോ
ഭാഗധേയം സമസ്തവും "

- പുസ്തക മാഹാത്മ്യം / ഉള്ളൂർ എസ് പരമേശ്വരയ്യർ

മറ്റൊരു വിമർശം കള്ള ഐഡി വച്ച് ഇന്റർനെറ്റിൽ എഴുതുന്നു എന്നതാണ്. അപകീർത്തി, മതസ്പർധ, ദേശവിരുദ്ധത, വർണവെറി, കുറ്റകൃത്യം.... എന്നിവ ആകാത്തിടത്തോളം സൈബർ വിലാസം തരുന്ന സാധ്യതകൾ അപരിമിതമാണ് എന്നതാണ് സത്യം. അതായത് ഒരാൾക്ക് രണ്ടോ അതിലധികമോ വിലാസം ഉള്ള അവസ്ഥ. നാട്ടുവിലാസത്തിൽ ഉള്ള പരിമിതികളെ എത്രയോ മെച്ചമായി പൊട്ടിച്ചെറിയാൻ ആരും പെട്ടെന്ന് തിരിച്ചറിയാൻ സാധിക്കാത്ത ഡിജിറ്റൽ ഐഡികൾ വച്ച് ആകുന്നുണ്ട്. ഇത് ചെറിയ കാര്യമല്ല. നാം ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നടക്കുന്ന ഒരു അരുതായ്മ പുറം സമൂഹത്തിൽ എത്തിക്കാൻ നാട്ടുവിലാസത്തിന്(റിയൽ ഐഡി) പല പരിമിതികൾ ഉണ്ടാകാം, ചിലപ്പോൾ പണി തെറിക്കാം മറ്റ് ചിലപ്പോൾ ഗുണ്ടാവിലാസം വക പണികിട്ടി തലയും തെറിക്കാനുള്ള സാധ്യതയും തള്ളിക്കളയാനാകില്ലല്ലോ. അതായത് വാർത്തകൾ സദുദ്ദേശത്തോടെ ലീക്ക് ചെയ്യേണ്ടുന്ന സാഹചര്യങ്ങളിൽ സൈബർ വിലാസം വലിയ സാധ്യത ആണ് മുന്നിലേക്ക് ഇടുന്നത്. ഒരു പക്ഷെ മനപൂർവം ചർച്ച മാറ്റാൻ പ്രത്യേകിച്ച് ഒരു ഉദ്ദേശ്യവുമില്ലാതെ എത്തുന്നവരുണ്ടാകാം മറ്റൊരു കൂട്ടർ കുറ്റകരമായ വാസനയോടെ ഒളിഞ്ഞിരിക്കുന്നവർ , അവരെയല്ല ഉദ്ദേശിച്ചത്. ഉറൂബ് പറഞ്ഞ പോലെ എല്ലാ തറവാടികളിലും ചെറ്റകളുണ്ടാകാം , എല്ലാ ചെറ്റകളിലും തറവാടികളും.

## സാമൂഹിക വിമർശം @ നെറ്റ്

പരമ്പരാഗത മാധ്യമങ്ങളിൽ വരുന്ന തെറ്റുകളും പിണയുന്ന അബദ്ധങ്ങളും ഫേസ്ബുക്ക്, ട്വിറ്റർ ടൈം ലൈനുകളിൽ ദിനേന തിരയടിച്ചുയരുന്നുണ്ട്. ഇത് എണ്ണത്തിൽ വളരെ കൂടുതലാകാം എന്നാൽ ശാസ്ത്രത്തിന്റേയും അതിന്റെ നടപ്പ് രീതികളേയും വെല്ലുവിളിച്ച് മതാത്മകതയുടെ വായ്ത്താരിയുമായി വിളയുന്നവർക്ക് ശക്തമായ താക്കീതാകുന്ന ചർച്ചകൾ മുറയ്ക്ക് നടക്കുക മാത്രമല്ല ഗോക്രിയെന്ന് പറയാവുന്ന മതപ്രഭാഷണങ്ങളിലെ ശാസ്ത്രമെന്ന് പറഞ്ഞ് അവതരിപ്പിക്കുന്ന കാര്യങ്ങൾ വസ്തുതയുടെ പിൻബലത്തോടെ വളരെ കൃത്യമായി പൊളിച്ചടുക്കുന്നുണ്ട്. പുരോഗമന സമൂഹത്തിൽ മാധ്യമങ്ങൾ നിർവഹിക്കേണ്ട ധർമമാണ് ഇന്ന് സാമൂഹിക മാധ്യമങ്ങൾ ഏറ്റെടുക്കുന്നത്. രാഷ്ട്രീയവും മതവുമായി ബന്ധപ്പെട്ട ചർച്ചകളിൽ ഒരോ പത്രമാധ്യമങ്ങൾ എവിടെ വരെ പോകും എന്ന് നല്ല നിശ്ചയം ഇന്ന് ശരാശരിക്കാരായ വായനക്കാർക്ക് പോലും ഉണ്ട്. മതപരമായ കാരണം കൊണ്ട് മാത്രം പല ചർച്ചകളും വഴിക്കുപേക്ഷിക്കപ്പെടുകയോ അല്ലെങ്കിൽ അച്ചടി-ദൃശ്യ മാധ്യമങ്ങൾ മനപൂർവം ചർച്ചയ്ക്കെടുക്കാൻ വിസമ്മതിക്കുകയോ ചെയ്യുന്നുവെന്നത് ചിലകാര്യങ്ങളിൽ അനാവശ്യവിവാദം

ഉണ്ടാവുമ്പോൾ അതാത് മേഖലയിൽ പണിയെടുക്കുന്നവർ തന്നെ നിർണായകമായ വിവരങ്ങളുടെ അകമ്പടിയോടെ വളരെ കൃത്യമായ ഇടപെടൽ ഓൺലൈൻ ചർച്ചാപരിസരങ്ങളിൽ നടത്തുന്നതിന് ഉദാഹരണം സമീപകാലത്ത് തന്നെ ധാരാളം. അതിരാത്രം പോലെയുള്ള ചടങ്ങുകൾ പുതിയ അടപ്പിട്ട് എത്തിയ കാലത്തെ എതിർപ്പും , മിശിഹാ രാത്രി-മഹാ ശിവരാത്രി സംഭവവും, വീട് നിർമ്മാണത്തിന്റെ വാസ്തു കോപവും കൃത്യമായി എതിർക്കപ്പെട്ടത് ഓൺലൈൻ സമൂഹത്തിലായിരുന്നു.

പത്രങ്ങളിൽ അച്ചടിച്ചുവരുന്നതിൽ ശരിതെറ്റുകൾ ഓർക്കാറില്ല അഥവാ ഓർത്താൽ തന്നെ ചർച്ചയ്ക്കുള്ള വളരെ കുറഞ്ഞ ഇടങ്ങൾ അല്ലേ അവിടെ ഉള്ളൂ. എന്നാൽ ഇന്റർനെറ്റിൽ വസ്തുതകളുമായി പുലബന്ധം (ഫാക്ട് ഫൈൻഡിംഗ്) ഉണ്ടോ എന്ന പരിശോധന നിരന്തരം നടക്കുന്നു. കുപ്രചരണങ്ങളെ അതിനെക്കാളും തീവ്രമായി പൊളിച്ചടുക്കുന്നു. വൻമേളകളുടെ ലോഗോ മോഷണം ആയാലും ഇല്ലാത്ത വസ്തുതകൾ ഉണ്ട് എന്ന് വീമ്പടിക്കുന്നതായാലും ഇന്റർനെറ്റിൽ തകർന്നടിയാൻ കുറച്ച് സമയം മതി. ചുരുക്കത്തിൽ സ്വാഭാവികമായി വിശ്വസിച്ച് പോകുന്ന അവസ്ഥ നെറ്റിസൺമാർക്കിടയിൽ (Netizen – Internet citizen) ഇല്ല എന്ന് പറയാം.

അടുത്ത കാലത്ത് തന്നെ ഏതോ പുതിയ ടെക്നോളജിയുടെ ലേബലെന്ന് പറഞ്ഞ് വന്ന ഓൺലൈൻ സിനിമാ വേട്ട, എത്രമാത്രം ദുർബലമായിരുന്നു എന്ന് പിന്നീട് മനസിലാക്കാനായത് സൈബർ ഇടങ്ങളിലെ വസ്തുതകൾ വച്ചുള്ള പ്രതിരോധം കൊണ്ടായിരുന്നു. ആദ്യം തിരക്കഥയനുസരിച്ച് നിർമിച്ചുണ്ടാക്കിയ ഐപി ഊളിയിടൽ വാർത്തകൾക്ക് പരമ്പരാഗത മാധ്യമങ്ങളിൽ ഇടം കിട്ടി എന്നത് സത്യം. ഇതിന്റെ ശരിതെറ്റുകൾ കാര്യമായി തന്നെ സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളിൽ മാത്രമല്ല ഇമെയിൽ ഗ്രൂപ്പുകളിലും ബ്ലോഗുകളിലും ചർച്ചയായതിനെ തുടർന്ന് മാധ്യമങ്ങൾക്ക് തന്നെ മറിച്ചൊരു നിലപാടെടുക്കേണ്ടി വന്നു.

ജോൺ ഡോ ഓഡറുകൾ വച്ച് ഇന്റർനെറ്റ് സെൻസർ ചെയ്യാൻ നോക്കുന്ന പോലെ ശ്രമം ഉണ്ടായി, അവസാനം കമ്പനിയുടെ മൊത്തം പ്രവർത്തനങ്ങൾ തന്നെ സോഷ്യൽ ഓഡിറ്റിന് വിധേയമായി എന്നതും എടുത്ത് പറയേണ്ട മറ്റൊരു കാര്യം. പൈറസി(വ്യാജം) യിൽ തുടങ്ങിയ ചർച്ച ഓൺലൈൻ പൌരന്റെ പ്രൈവസി(സ്വകാര്യത)യിലേക്ക് വരെ പരന്നെത്തി മാത്രമല്ല പകർപ്പവകാശ നിയമം വരെ തലനാരിഴ കീറി ചർച്ച ചെയ്യപ്പെട്ടു.

**സൈബർ ആക്ടിവിസ്റ്റുകൾ**

ആഗോളവൽകൃത സമൂഹത്തിൽ അപ്രതിരോധ്യമെന്ന് വിലയിരുത്താവുന്ന എതിർപ്പിന്റെ പല മുഖങ്ങളിലും ഇന്റർനെറ്റ് ഉപയോഗിച്ച് നടത്തുന്ന എതിർശബ്ദങ്ങൾ നേർത്തതല്ല മറിച്ച് പലമടങ്ങ് പ്രതിധ്വനി ഉണ്ടാക്കുന്ന ശബ്ദമുഖരിതമായ അവസ്ഥ തന്നെ. ഡോ.ബിനായക് സെൻ നെ മാവോയ്സ്റ്റ് -ഭീകര ബന്ധം ആരോപിച്ച് തടങ്കൽ പാളയത്തിൽ സർക്കാർ പാർപ്പിച്ചപ്പോൾ നടന്ന ഓൺലൈൻ ഇടപെടലുകൾ മനുഷ്യാവകാശ രംഗത്ത് വന്ന എടുത്തുപറയത്തക്ക ഓൺലൈൻ കാമ്പയിൻ ആയിരുന്നു. അന്യായ അറസ്റ്റിനെ പ്രതിരോധിക്കാൻ നടത്തിയ പ്രചാരവേലകൾ ഓഫ്‌ലൈനായും ഓൺലൈനായും മുന്നേറിയിരുന്നു, അവസാനം അത് വിജയം കാണുകയും ചെയ്തു എന്നത് ചരിത്രം. പ്രസിഡന്റിന് കൊടുക്കാനുള്ള നിവേദനത്തിൽ പെട്ടെന്ന് തന്നെ വർധിച്ച തോതിൽ തന്നെ ഒപ്പിടാൻ ആളിനെ കൂട്ടാൻ ഓൺലൈൻ സംഘങ്ങൾക്കായി. ഇത് മാത്രമല്ല പരമാവധി വിഷയങ്ങളുമായി ശക്തമായ കാമ്പെയിൻ ആണ് ഓൺലൈൻ ഒപ്പിടലിൽ ഉപരിയായി അനിവർ അരവിന്ദിന്റെ നേതൃത്വത്തിൽ നടന്നത്. ഇത് ഗുണപരമായ സൈബർ ആക്റ്റിവിസത്തിന്റെ ഇന്ത്യൻ ഉദാഹരണമായെടുക്കാം. വരും കാലത്ത് ഇത് പതിൻമടങ്ങ് കൂടാനാണ് സാധ്യത. ഡിജിറ്റൽ വിപ്ലവം വാർത്താ ശേഖരണത്തിന്റെയും അറിയിക്കലിന്റേയും പരിധികളെ വിസ്തൃതമാക്കി. ഒറ്റ ഞെക്കുകൊണ്ട് ലോകത്തെ ഏത് കോണുമായും സമ്പർക്കത്തിലാകാമെന്നും എവിടെ നടക്കുന്ന പ്രശ്നവും മറ്റുള്ള ജനതയുടെ മുന്നിലേക്ക് ഒരു ചോദ്യമെറിയുന്ന തരത്തിൽ കൊണ്ടുവരാം എന്നതും ഭരണകൂടങ്ങളെ അടക്കം സംഘർഷഭരിതമാക്കുന്നുണ്ട്.

മുല്ലപ്പൂ വിപ്ലവത്തെയും അതിനെ തുടർന്ന് പല നാടുകളിൽ ഉണ്ടായ പ്രക്ഷോഭ പരമ്പരകളിലേയും ടെക്നോളജിയുടെ പങ്കിനെ ആളിനെ മൊബിലൈസ് ചെയ്യാനുള്ള തലം എന്ന നിലയിൽ കണ്ടാൽ മതി. എന്നാൽ ഇത് അത്ര ചെറുതുമല്ലായിരുന്നു. വർഷങ്ങളായി അടിച്ചമർത്തപ്പെട്ടവർക്ക് ഒരുമിക്കാൻ ഒരു കണ്ണിയായത് സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളായിരുന്നു. ആ നാടുകളിലെ ക്ഷുഭിത യൌവനത്തിന് ഇടപെടാൻ ആഗ്രഹമുണ്ടായിരുന്നിരിക്കണം, സംഘാത്മകമായ സംവാദങ്ങൾ അവർക്കില്ലായിരുന്നു. ഫേസ്ബുക്കും ട്വിറ്ററും അവർക്ക് സംസാരിക്കാനും ഒത്തുചേരാനുമുള്ള കണ്ണികളായി പെട്ടെന്ന് മാറി. കമ്പ്യൂട്ടറിന് മുന്നിൽ ചടഞ്ഞിരുന്ന് ആർക്കും ഉപയോഗമില്ലാതെ എന്തൊക്കെയോ ചെയ്യുന്നു എന്ന് ഒരു പക്ഷെ ഏതാനും മാസങ്ങൾക്ക് മുന്നെ വരെ ടുണീഷ്യയിലെ അടക്കം യുവാക്കളോട് അവിടുത്തെ കമ്പ്യൂട്ടർ വിരോധികളും മറ്റും പറഞ്ഞിട്ടുണ്ടായിരിക്കാം, അവസാനം ഈ കമ്പ്യൂട്ടർ ശൃംഖല തന്നെ വേണ്ടി വന്നു സ്വാതന്ത്ര്യത്തിന്റെ സമരത്തിന് ജീവവായു സമൂഹത്തിനാകെ ഊതിക്കൊടുക്കാൻ എന്നത് മറ്റൊരു കാര്യം

**വിടാതെ പിന്തുടരൽ @നെറ്റ്**

ഹരിത എം എൽ എ മാർ എതിർപ്പിന്റെ കാഹളമുയർത്താൻ ബ്ലോഗ് തിരഞ്ഞെടുത്തതിന്റെ ഗുണദോഷവിചാരങ്ങളിലേക്കല്ല പോകുന്നത്, ഹരിത ഇടപെടലുകൾ ബ്ലോഗിൽ ഇട്ടത് ആ മാധ്യമത്തിന്റെ

സാധ്യത സൂചിപ്പിക്കുന്നു. ഇനി നാളെ ഇവർ പിന്നാക്കം പോയാലും മറ്റുള്ളവർക്ക് ഇത് ഏറ്റെടുക്കുകയോ അല്ലെങ്കിൽ ഇത് ലിങ്ക് ചെയ്ത് അവരുടെ പിന്നാലെ കൂടി മറുപടി തരാൻ സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളിൽ ഉൾപ്പടെ നിർബന്ധിക്കുകയോ ആകാം. എന്തിനധികം ഇവരോട് സംസാരിക്കാൻ ചാനലുകളായ ചാനലുകൾ മുഴുവൻ നിറഞ്ഞ് നിൽക്കുന്ന പി.സി ജോർജിന് വരെ അവസാനം ബ്ലോഗ് തുടങ്ങേണ്ടിയും വന്നു എന്നതും മറക്കേണ്ട.

ചില അവസരങ്ങളിൽ മാധ്യമങ്ങളിൽ ചർച്ച വരുന്നതിന് മുന്നെ തന്നെ ഓൺലൈൻ ചർച്ച വഴി പണി പൊളിച്ച് കൊടുക്കാറുണ്ട്, അത് കൊണ്ട് മാത്രം വിവാദത്തിന്റെ മുനയൊടിഞ്ഞ് ആദ്യമേ തന്നെ ഒരു വഴിക്കവസാനിക്കുന്ന ഉദാഹരണങ്ങൾ അനവധി. മമ്മൂട്ടി കൊക്കകോളയുടെ ബ്രാൻഡ് അംബാസിഡർ ആകാൻ വന്ന ഏതാനും വർഷങ്ങൾക്ക് മുന്നത്തെ സംഭവം ഇതിന് നല്ല ഉദാഹരണം. ഒരു പ്രമുഖ കറി പൌഡർ ബ്രാൻഡിന് സോഷ്യൽ നെറ്റ്‌വർക്കിംഗ് പേജുകൽ ശക്തമായ എതിർപ്പ് നേരിടേണ്ടി വന്നതും അവസാനം ഉത്പന്നനിരയുടെ പരസ്യതന്ത്രം പാടേ മാറ്റേണ്ടി വന്നതും ഇന്റനെറ്റ് മാധ്യമങ്ങളിലെ ശക്തമായ എതിർപ്പിനെ തുടർന്നായിരുന്നു. അതായത് പല വിവാദങ്ങളും പരമ്പരാഗത മാധ്യമങ്ങളിൽ എത്തുന്നതിന് മുന്നെ നടക്കുന്ന ചർച്ചായിടം എന്ന നിലയിൽ ഇന്റർനെറ്റിന് ഇന്ന് അവഗണിക്കാനാവാത്ത സ്വാധീനം ഉണ്ട്

സാധാരണ ഒരു കാഴ്ചപ്പാടുണ്ട്. ആഴത്തിലുള്ള വിമർശനങ്ങളും വസ്തുനിഷ്ഠമായ വിലയിരുത്തലുകളും സർക്കാർ ഉദ്യോഗസ്ഥർക്ക് പറ്റിയ പണിയല്ല എന്ന്, അതും പുതിയകാലത്ത് തിരുത്തപ്പെടുകയല്ലേ. ജയ്സൺ നെടുമ്പോല എന്ന ഗ്രാമ പഞ്ചായത്ത് ജീവനക്കാരാൻ താൻ നിരന്തരം ഇടപെടുന്ന ഓഫീസിലെ സാങ്കേതിക സംവിധാനത്തിന്റെ വിലയിരുത്തൽ നടത്തി റിപ്പോർട്ട് നൽകിയത് ഓൺലൈൻ ഗ്രൂപ്പുകളിൽ അടക്കം തുടർചർച്ചയ്ക്കും കാരണമായി. സർക്കാർ ഏജൻസിയായ ഐകെഎം നെ പറ്റി ഇത്ര നല്ല പഠനം ഇത് വരെ നടന്നുവോ എന്ന് തന്നെ സംശയമാണ്. സാധാരണയായി ഒരു സർക്കാർ ജീവനക്കാരൻ ഇത് പോലെ വിശദമായ കുറിപ്പ് ഉണ്ടാക്കി നൽകിയാൽ അത് പൊതുസമൂഹത്തിന്റെ മുന്നിലേക്ക് എത്താൻ ഒരു സാധ്യതയുമില്ല, സെക്രട്ടറിയേറ്റിലെ ഫയൽക്കെട്ടുകൾക്കിടയിൽ സുഖനിദ്രയാകും ഗതി. എന്നാൽ സർക്കാരിന് നൽകുന്നതിനൊപ്പം തന്നെ റിപ്പോർട്ട് ഓൺലൈൻ വേദികളിലേക്കും സംവാദത്തിന് വച്ചു. ഇതിൽ പിടിച്ച് മുന്നോട്ട് പോകാൻ നമുക്കാകണം.

**വൈജ്ഞാനിക സാഹിത്യത്തിന് മുതൽക്കൂട്ടായി വിക്കിപീഡിയ**

നമ്മുടെ പൊതുമണ്ഡലം ഇനിയും വിക്കിപീഡിയ മലയാളം പതിപ്പിനെ അതർഹിക്കുന്ന തരത്തിൽ മനസിലാക്കിയിട്ടുണ്ടോ എന്ന് സംശയമാണ്. മലയാളം വിക്കീപീഡിയയെ പറ്റി പറയുന്നതിന് മുന്നെ എന്താണ് വിക്കിപീഡിയ എന്ന് പറയാം. ലോകത്തിലെ ഏറ്റവും വലിയ വിശ്വവിജ്ഞാനകോശമാണ് ഇത്. മലയാളം അടക്കം 250 ലേറേ ഭാഷകളിൽ ലോകത്ത് കോടിക്കണക്കിന് ആൾക്കാർ വായിക്കുന്ന ഓൺലൈൻ ഇടം. വെബ്‌നിരീക്ഷകരായ അലക്സാ ഡോട്ട് കോമിന്റെ ഹിറ്റ് ചാർട്ടിൽ എല്ലായ്പ്പോഴും ലോകത്തിൽ ഏറ്റവുമധികം ആൾക്കാർ സന്ദർശിക്കുന്ന പത്ത്‌വെബ്സൈറ്റുകളിൽ ഒന്ന്. ഇന്ന് ഗൂഗിൾ സർച്ച് വഴി മാത്രമല്ല അല്ലാതെ തന്നെ ഇന്റർനെറ്റിലേക്കെത്തുന്ന വിവരാർത്ഥി നേരേ പോകുന്ന അപൂർവം വെബ്സൈറ്റുകളിൽ ഒന്ന്. നിരന്തരം പുതുക്കപ്പെടുന്നു, ലോകത്തിലെ മിക്ക വൈജ്ഞാനിക ശാഖകളിലെ എണ്ണമറ്റ ലേഖനങ്ങളാൽ സമ്പന്നം, തീർന്നില്ല വിശേഷം ഇതിന് ഒരു മുതലാളി നാളിതുവരെ ഇല്ല, എന്ന് പറഞ്ഞാൽ വായിക്കുന്ന ഞാനും നിങ്ങളും അടങ്ങുന്ന പൊതുസഞ്ചയം തന്നെയാണ് മുഴുവൻ കാര്യങ്ങളും കൈകാര്യം ചെയ്യുന്നത്. ലേഖനം എഴുതുന്നതും തിരുത്തുന്നതും മാത്രമല്ല ഉചിതമായ ഹൈപ്പർലിങ്കുകളാൽ പേജുകൾക്ക് സൈബർസമ്പുഷ്ടീകരണം നടത്തുന്നതും മേന്മയേറിയ ചിത്രങ്ങളുടെ അകമ്പടി ചേർക്കുന്നതും സാധാരണക്കാരായ ഓൺലൈൻ പൌരന്മാരാണ്.

ഇതിലെവിടെയാണ് മലയാളിയുടെ സ്ഥാനം.? വിക്കിപീഡിയയിൽ മലയാള ഭാഷ ഇതര ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് ഒരു കേരള മാതൃക തന്നെ സൃഷ്ടിച്ചു എന്ന് പറഞ്ഞാൽ പോലും അതിശയോക്തിയാകില്ല. കാലഗണന വച്ച് ഒരു കണക്കെടുപ്പ് നടത്തുകയാണങ്കിൽ അടുത്ത മാസം മലയാളം വിക്കിപീഡിയക്ക് പത്തുവയസാകും. 2002 ഡിസംബർ 21 നാണ് മലയാളം വിക്കിപീഡിയക്ക് തുടക്കം കുറിച്ചത്. ആദ്യം അതീവ മന്ദഗതിയിലായിരുന്നു വളർച്ച എങ്കിലും പിന്നീട് കാര്യങ്ങൾ ഉഷാറായി. ഒരു ലാഭേച്ഛയുമില്ലാതെ പ്രവർത്തിക്കുന്ന, ഒട്ടും പ്രശസ്തരല്ലാത്ത, പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിലേക്ക് വരാൻ ആഗ്രഹിക്കാത്ത എന്നാൽ മലയാള ഭാഷയെയും സംസ്കാരത്തേയും സ്നേഹിക്കുന്ന ഒരു വലിയ സമൂഹം ഇന്ന് മലയാളം വിക്കിപീഡിയക്ക് താങ്ങും തണലുമായുണ്ട്. അതിന്റെ ഫലമോ? ഇന്ത്യൻ ഭാഷകളിൽ വിവരാധികാരികത വച്ച് (പേജ് ഡെപ്ത് എന്ന് സാങ്കേതികഭാഷ) നോക്കിയാൽ മലയാളം വിക്കിപീഡിയ എത്രയോ മുന്നിലാണ്. ഇതെഴുതുന്ന സമയത്ത് മലയാളം വിക്കിപീഡിയ പതിപ്പിന്റെ പേജ്ഡെപ്ത് 288 ഒപ്പം 26,982 ലേഖനങ്ങൾ ml.wikipedia.org ൽ ഉണ്ട്. ഏത് അച്ചടി മലയാള വിജ്ഞാനകോശവുമായി തട്ടിച്ച് നോക്കിയാലും എത്രയോ ബൃഹത്താണ് മലയാളം വിക്കിപീഡിയ, എന്തിനധികം മലയാളത്തിൽ നാളിത്‌വരെ ഇറങ്ങിയ എല്ലാ പ്രസാധകരുടേയും എല്ലാ വിജ്ഞാനകോശങ്ങളെയും എടുത്ത് ഒരുമിച്ച് വച്ചാൽ പോലും പത്താണ്ട് കൊണ്ട് മലയാളം വിക്കിപിഡിയയുടെ സന്നദ്ധപ്രവർത്തകർ ഉണ്ടാക്കിയ വിവരപ്പെരുക്കത്തിന്റെ അടുത്ത് വരില്ല.

ഹിന്ദി പോലെ വളരെ അധികം ആളുകൾ സംസാരിക്കുന്ന ഇന്ത്യൻ ഭാഷകളിൽ മലയാളത്തെ അപേക്ഷിച്ച് വിക്കിപിഡിയ ലേഖനങ്ങൾ എണ്ണത്തിൽ കൂടുതലാണ് എന്നാൽ ഗുണം വച്ച് നോക്കുമ്പോൾ നമ്മുടെ ഭാഷ മേൽക്കൈ നേടിയതിൽ കടപ്പെട്ടിരിക്കുന്നത്, കമ്പ്യൂട്ടറുകൾക്ക് മുന്നിൽ ഇരിക്കുന്ന നെറ്റിസൺമാരോടാണ്. ആദ്യ നൂറ് ലേഖനം തികയ്ക്കാൻ രണ്ട് വർഷമെടുത്തെങ്കിൽ ഇന്ന് രണ്ടാഴ്ച പോലും വേണ്ട നഊർ കടക്കാൻ , ഇതെല്ലാം ഇനിയുള്ള നാളുകളിൽ ഇനിയും വർധിക്കും കാരണം ഐടി@സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമായി എല്ലാ വിദ്യാർത്ഥികളും വിക്കിപീഡിയ യിൽ എഴുതാനും തിരുത്താനും ചിത്രങ്ങൾ കൂട്ടിചേർക്കാനും പഠിക്കുന്നുണ്ട്. എന്നാൽ കേരളത്തിലെ പൊതു സംവാദഇടങ്ങളിൽ ഇത്രയും വലിയ നേട്ടം ഭാഷയ്ക്കും സംസ്കാരത്തിനും നേടിക്കൊടുത്തു കൊണ്ടിരിക്കുന്നവർക്ക് അർഹിക്കുന്ന പരാമർശം പോലും കിട്ടിയിട്ടുണ്ടോ എന്ന് സംശയമാണ്. വിശ്വമലയാള മഹോത്സവത്തിൽ പോലും ഇങ്ങനെയൊന്ന് മലയാളഭാഷയുടെ വൈജ്ഞാനിക മണ്ഡലത്തെ നവികരിക്കുന്നതിന് അർഹിക്കുന്ന പരിഗണന ലഭിച്ചുവോ? തുറന്ന ഘടനയാണ് തെറ്റുകൾ ഉണ്ടാവാം അല്ലെങ്കിൽ ആർക്കും എഴുതാവുന്നതാണങ്കിൽ എങ്ങനെ ആധികാരികമാകും തെറ്റുകുറ്റങ്ങൾ വരില്ലേ എന്ന് പറഞ്ഞതൊക്കെ പഴങ്കഥ. പത്ത് വർഷത്തെ വളർച്ച ഇതാണങ്കിൽ അടുത്ത പത്ത് വർഷം കൊണ്ട് മലയാളം വിക്കിപിഡിയ സമാനതകളില്ലാതെ വിജ്ഞാനത്തിന്റെ പുതിയ പടവുകൾ കയറും, അത് നിലവിലുള്ള വളർച്ചാ നിരക്ക് വച്ച് തന്നെ സുനിശ്ചിതമാണ്.

കമ്പ്യൂട്ടർ സ്ക്രീനിന് മുന്നിൽ ചാറ്റും സോഷ്യൽ നെറ്റ്‌വർക്കുമായി ചടഞ്ഞിരിക്കുന്ന, സർഗാത്മകമായി ഒന്നും ചെയ്യാത്തവർ എന്നൊക്കെ ആക്ഷേപങ്ങൾ ചുരുക്കം ചിലരെങ്കിലും ഓൺലൈൻ സമൂഹത്തിനെതിരെ ആരോപണമായി ഉന്നയിക്കുന്നവരുടെ സംഘത്തിൽപ്പെട്ടവർ ചെയ്തവരെക്കാളും മനോഹരമായി അല്ലെങ്കിൽ ക്രീയാത്മകമായി സൈബർ സമയം വിനിയോഗിക്കുന്നവരിൽ ചെറുപ്പക്കാർ മുതൽ വളരെ പ്രായം ചെന്നവർ വരെയുണ്ട്. എത്ര ജനാധിപത്യപരമായാണ് അന്യഭാഷയിലെ വാക്കുകൾക്ക് തുല്യമായ മലയാളപദങ്ങൾ കൂട്ടായി കണ്ടെത്തുന്നത്, ഏതൊക്കെ വിവരം ഉൾപ്പെടുത്താം എന്ത് ഭാഷ പ്രയോഗിക്കാം എന്നൊക്കെ സംവാദം താളുകളിൽ ചർച്ച നിരന്തരം നടക്കുന്നത്. ഒരു കാര്യം ഉറപ്പാണ് ഏതാനും വർഷങ്ങൾക്കുള്ളിൽ തന്നെ ഓഫ്‌ലൈനിൽ ഉള്ള മലയാളിക്ക് വരെ ഒഴിച്ചുകൂടാനാകാത്ത വിവര ഇടമായി മലയാളം വിക്കിപീഡിയ മാറും. വിക്കിപീഡിയ എന്നത് ഒരു സാങ്കേതികവിദ്യയുടെ ചലനമല്ല മറിച്ച് ഇതൊരു സാമൂഹിക നൂതനത്വമോ അല്ലെങ്കിൽ മുന്നേറ്റമോ ആണ് എന്ന് ഇതിന്റെ സ്ഥാപകരിലൊരാളായ ജിമ്മിവെയിൽസ് പറഞ്ഞത് മലയാളത്തിന്റെ കാര്യത്തിൽ എത്ര ശരി.

മലയാളത്തെ ആശ്രയിച്ച് ജീവിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും ഒന്നും കാര്യമായി നാളിത് വരെ ശ്രദ്ധിക്കാത്ത ഈ ഓൺലൈൻ ഇടം സമാന്തരമായി വിജ്ഞാനകോശ നിർമ്മിതി ഒന്നാം തരമായി നടക്കും എന്നതിന്റെ ഉദാഹരണത്തേക്കാളും, ഇന്റർനെറ്റിൽ അച്ചടിയേക്കാളും നല്ല എഴുത്തുകാർ ഉണ്ട് അവർക്ക് കാര്യമായി തന്നെ പൊതുസമൂഹത്തിന്റെ വിവരസഞ്ചയത്തിൽ സംഭാവന നൽകാനാകും എന്നതിന്റെ സാക്ഷ്യപത്രം കൂടിയാണ്.

**വിക്കിപീഡിയയിലെ മലയാള യശസ്**

വിക്കിപീഡിയയിൽ പേജ് ഡെപ്ത് എന്നത് പൂർണമായും നല്ല ഒരു അളവുകോൽ അല്ല എന്നിരിക്കിലും പേജ് ഡെപ്ത് കൂടുന്നതിനനുസരിച്ച് ലേഖനങ്ങളുടെ നിലവാരം കൂടുതൽ ആണെന്ന് പൊതുവായി പറയാം. കുറഞ്ഞത് 10,000 ലേഖനങ്ങൾ എങ്കിലും ഉള്ള വിക്കിപീഡിയകളിൽ ഇംഗ്ലീഷ് കഴിഞ്ഞാൽ ഇപ്പോഴും ഏറ്റവും അധികം പേജ് ഡെപ്ത് മലയാളത്തിനാണ്. ആദ്യ അഞ്ചു സ്ഥാനങ്ങൾ ഇങ്ങനെ (ഡെപ്ത്ത് ബ്രാക്കറ്റിൽ ) 1. ഇംഗ്ലീഷ് (712) 2. മലയാളം (288) 3. അറബി (243) 4. ഹീബ്രു (240) 5. ടർക്കിഷ് (215). അതായത് വിവരാധികാരികതയിൽ ആശ്രയിക്കാവുന്ന ഭാഷകളിൽ മലയാളം ഇന്ത്യയിൽ ഒന്നാമത് എന്ന് മാത്രമല്ല, ഇംഗ്ലീഷിന് തൊട്ടുപ്പിന്നിൽ ഉണ്ട് എന്നത് ചെറിയ കാര്യമല്ലല്ലോ. ഹിന്ദിയിൽ ലേഖനങ്ങൾ ലക്ഷം വരുമെങ്കിലും പേജ് ഡെപ്ത് 40 മാത്രം

**സമാന്തരമായി ഒരു ഗ്രന്ഥശേഖരം തന്നെ സൃഷ്ടിക്കപ്പെടുന്നു**

വിക്കിപീഡിയ പോലെ തന്നെ എടുത്ത് പറയേണ്ട മറ്റൊരു മഹത്സംരംഭമാണ് വിക്കിഗ്രന്ഥശാല. പകർപ്പവകാശത്തിന്റെ ഊരാക്കുടുക്കുകൾ ഇല്ലാത്ത അല്ലെങ്കിൽ സമയപരിധിക്ക് പുറത്ത് കടന്ന പുസ്തകങ്ങൾ ഓൺലൈനിലേക്ക് സ്വരുക്കൂട്ടാനുള്ള കൂട്ടായ ഒരു പ്രവർത്തനം. മലയാളം വിക്കിപീഡിയ പോലെ തന്നെ ഇതും ബാലാരിഷ്ടതകളിൽ നിന്ന് പതിയെ പുറത്ത് കടന്ന് വൻകുതിപ്പിന് തയ്യാറെടുക്കുന്നു. പതിനാലാം നൂറ്റാണ്ടിലെ ചക്രവാക സന്ദേശം എന്ന കൃതിയുടെ ഡിജിറ്റലൈസേഷൻ 2011 സെപ്റ്റംബർ 15 ന് പൂർത്തിയാക്കി. പകർപ്പവകാശ സമയ പരിധി കഴിഞ്ഞ കൃതികളാണ് നിലവിൽ ഉള്ളത്. കുമാരനാശാന്റെ , ശ്രീനാരായണഗുരുവിന്റെ സമ്പൂർണകൃതികൾ , കേരള പാണിനീയം, ചട്ടമ്പി സാമിയിടെ കൃതികൾ , കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതീഹ്യമാല...അങ്ങനെയങ്ങനെ. ഈ മാസം ഉള്ളൂരിന്റെ കൃതികൾ സമാഹരിക്കുകയാണ്. വായനക്കാർക്ക് മാത്രമല്ല പലപ്പോഴും ഗവേഷകർക്കും ഭാഷാവിദഗർക്കും അമൂല്യനിധി തന്നെയാണ് അച്ചടി രൂപങ്ങൾ അത്രയെളുപ്പം ലഭ്യമാകാത്ത ഇത്തരം കൃതികൾ . ഇത് ഇന്റർനെറ്റ് കണക്ഷൻ

ഉള്ളവർക്ക് മാത്രം കിട്ടുന്നതാണെന്ന ധാരണയും വേണ്ട, വിക്കിഗ്രന്ഥശാലയുടെ ആദ്യ സിഡി റോം പതിപ്പ് കണ്ണൂരിൽ നടന്ന നാലാം വിക്കിസംഗമത്തിൽ പുറത്തിറക്കിയിരുന്നു. ഇനി കമ്പ്യൂട്ടറിൽ വായിക്കാൻ താത്പര്യമില്ലാത്തവർക്ക് തൊട്ടടുത്ത കേന്ദ്രത്തിൽ നിന്ന് പ്രിന്റ് എടുത്താലും മതി. ഏതായാലും പുസ്തകങ്ങൾ പൊതുസമൂഹത്തിന് ലഭ്യമാണ്. നേരത്തേ വിക്കിപീഡിയയുടെ കാര്യത്തിൽ പരാമർശിച്ചത് പോലെ പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് ചേർക്കാനും , അക്ഷരശുദ്ധി പരിശോധിക്കാനും , വേണ്ട തരത്തിൽ രൂപസംവിധാനം വരുത്താനുമായി ഒട്ടേറേ പേർ രാപകൽ അധ്വാനിക്കുന്നുണ്ട്.

വിക്കിഗ്രന്ഥശാലയിൽ ഏറ്റവും സമ്പുഷ്ടമായ വിഭാഗം 'കാവ്യങ്ങളു'ടേതാണ്. വീണ പൂവ്, നളിനി, ലീല, വനമാല, മണിമാല തുടങ്ങി കുമാരനാശാന്റെ കൃതികൾ സമഗ്രമായി ഇതിലുണ്ട്. കൂടാതെ ചെറുശ്ശേരിയുടെ 'കൃഷ്ണഗാഥ', ചങ്ങമ്പുഴ, കുഞ്ചൻ നമ്പ്യാർ , ഇരയിമ്മൻ തമ്പി, രാമപുരത്ത് വാര്യർ എന്നിവരുടെ കൃതികൾ ഒക്കെ ഡിജിറ്റൽ രൂപത്തിൽ മനോഹരമായി മുന്നിലെത്തും. ഭാഷാവ്യാകരണം വിഭാഗത്തിൽ 'കേരളപാണിനീയം' പൂർണ രൂപത്തിൽ ചേർത്തിരിക്കുന്നു. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യനോവലായ ചന്തുമേനോന്റെ 'ഇന്ദുലേഖ'യാണ് നോവൽ വിഭാഗത്തിലുള്ള ഏക കൃതി. മാത്രമല്ല ക്രിസ്തീയ കീർത്തനങ്ങളുടെയും, ഹൈന്ദവ ഭക്തിഗാനങ്ങളുടെയും, ഇസ്ലാമിക ഗാനങ്ങളുടെയും ശ്രദ്ധേയമായ ഒരു സമാഹാരം ഇവിടെയുണ്ട്. തത്വശാസ്ത്രം വിഭാഗത്തിൽ 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ', 'കമ്മ്യൂണിസത്തിന്റെ തത്വങ്ങൾ' എന്നിവയും.

**സ്കൂൾ വിദ്യാർത്ഥികളുടെ ഓൺലൈൻ ഇടപെടലുകൾ**

വിക്കിഗ്രന്ഥശാലയുടെ കാര്യം പറയുമ്പോൾ ഒരിക്കലും വിട്ട് പോകാൻ പാടില്ലാത്ത സംഭാവന സ്കൂൾ വിദ്യാർത്ഥികൾ നൽകികൊണ്ടിരിക്കുന്നതാണ്. മലയാളത്തിലെ ആദ്യ മഹാകാവ്യമായ രാമചന്ദ്രവിലാസത്തിന്റെ ഡിജിറ്റൈസേഷൻ കൊല്ലം ചവറ ഉപജില്ലയിലെ 15 പൊതു വിദ്യാലയങ്ങളിലെ ഹൈസ്കൂൾ കുട്ടികൾ കൂട്ടായി ചെയ്തതാണ്. മലയാളത്തിലെ ആദ്യത്തെ നോവലായ അപ്പു നെടുങ്ങാടിയുടെ കുന്ദലതയുടെ ഡിജിറ്റൈസേഷൻ നിർവഹിക്കച്ചത് വയനാട് കബനിഗിരി നിർമ്മല ഹൈസ്കൂളിലെ രണ്ട് ഡസനോളം കുട്ടികളുടെ കൂട്ടായ്മ. കെ.സി. കേശവപിള്ള രചിച്ച കേശവീയം ഗ്രന്ഥശാലയിലെത്തിച്ചത് ഒരു കൂട്ടം പ്രൈമറി സ്കൂൾ വിദ്യാർത്ഥികളും.

**മുന്നോട്ടുള്ള പോക്ക്**

കേരള സമൂഹത്തിൽ ഇന്റർനെറ്റ് അധിഷ്ഠിത വിജ്ഞാനപ്രവർത്തനങ്ങൾ ഇതര ഭാരതീയ സംസ്ഥാനങ്ങളെ അപേക്ഷിച്ച് നന്നായി പുരോഗമിക്കുന്നുണ്ട്. പൊതുസമൂഹത്തിന് ഇതിന്റെ പ്രത്യക്ഷവും പരോക്ഷവുമായ ഗുണഫലങ്ങൾ ലഭിക്കുന്നുമുണ്ട്. ഭാഷയിൽ ഇന്റർനെറ്റ് സമൂഹം നടത്തിയ ഇടപെടലുകൾ അതിന്റേതായ തരത്തിൽ നമ്മൾ വിശകലനം ചെയ്തിട്ടുണ്ടോ. ഓൺലൈനിൽ ഇടപെടുന്നവർക്ക് അറിയാം ഇവിടെ എന്തൊക്കെ നടക്കുന്നുവെന്ന് എന്നാൽ ഡിജിറ്റൽ ഡിവൈഡിന്റെ മറുകരയിൽ ഉള്ളവർക്ക് ഇവിടെ നടക്കുന്ന ഭാഷാ-സാംസ്കാരിക പ്രവർത്തനങ്ങളുടെ സാമാന്യ ധാരണ പോലും ഇല്ല.

ഇവിടെ സംവാദത്തിന്റെ തലം കുറെ സുതാര്യമാണ്. ചർച്ച ചെയ്യുന്ന വിഷയത്തിലേക്ക് ഇടപെടേണ്ടവരെ പ്ലസിട്ടോ @ ഉപയോഗിച്ചോ വിളിച്ചുകൊണ്ട് വരാം, പെട്ടെന്ന് ക്ഷണിക്കാനും ഇടപെടാനും പറ്റുന്നത് നേട്ടമാണ്. ആർക്കും എന്തു പറയാം എന്നതാണല്ലോ ഓൺലൈൻ ചർച്ചയെ അവഗണിക്കുന്നവർ പറയുന്ന പതിവ് ന്യായം. എന്നാൽ ഉത്തരവാദിത്വത്തോടെ വിഷയങ്ങൾ പോസ്റ്റ് ചെയ്യുന്നവർക്കേ അല്ലെങ്കിൽ മറുപടി പറയുന്നവർക്കേ വിശ്വാസ്യത (credibility) ഉണ്ടാകൂ. അങ്ങനെ ആധികാരികമായ, മേന്മയായ ചർച്ചകൾ നടക്കുന്ന എത്രയോ സോഷ്യൽ മീഡിയ ഹാൻഡിലുകളാൽ മലയാളവും ഇന്ന് സമൃദ്ധം. സമൂഹത്തിലെ എല്ലാ പ്രശ്നങ്ങളും ഇന്റർനെറ്റ് പതിവായി ഉപയോഗിക്കുന്നവരിലും സൈബർ പൌരന്മാരിലെ എല്ലാ പ്രശ്നങ്ങളും സമൂഹത്തിലും കാണും, അങ്ങനെ കാണുന്നതല്ലേ ഉചിതം.

അറിവിന്റെ പലതുറകളിലാണ് ഓൺലൈൻ വാസികൾ നിരന്തരം സമ്പർക്കപ്പെടുന്നത്, അതനുസരിച്ച് അറിഞ്ഞോ അറിയാതെയോ സ്വയം അപ്ഡേറ്റ് ആകുകയും ചെയ്യുന്നു. ഇന്റർനെറ്റ് ഇതര/പൂർവ സമൂഹം വ്യവസ്ഥാപിതമായ (hierarchy) വഴികളിലൂടെ ആണ് മുഖ്യമായും പുതിയ വിവരങ്ങളുമായി ഇണക്കപ്പെടുന്നത്. ഇതിന് സ്ഥലത്തിന്റേയും കാലത്തിന്റേയും പരിധികൾ ഉണ്ട്. ഇന്റർനെറ്റ് നല്ലോരു പരിധിവരെ സ്ഥലകാല സീമകൾക്കതീതമായി പുതുമകളെ കൂട്ടിക്കൊണ്ട് വരികയാണ്. അത് ലൈവ് ആയ സോഷ്യൽ നെറ്റ്‌വർക്കിംഗ് ചർച്ച ആയി അല്ലെങ്കിൽ പുതിയ സമരമാർഗത്തിലൂടെ അതുമല്ലങ്കിൽ പലദേശങ്ങളിൽ പല സമയങ്ങളിൽ ഇരുന്ന് നിരന്തരം പുതുക്കപ്പെടുന്ന ഡിജിറ്റൽ പുരകളായ വിക്കിപീഡിയ പോലെയുള്ള നവീന സൌകര്യങ്ങൾ ആകാം.

*******